REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 03-02-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **വഖഫ് ഭേദഗതി ബിൽ സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ട് ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.**
- **ഇന്ത്യയുടെ ഗതിനിർണയ ഉപഗ്രഹം NVS-02 സാങ്കേതിക തകരാറിനെ തുടർന്ന് ലക്ഷ്യമിട്ട ഭ്രമണപഥത്തിൽ എത്തിക്കുന്നതിൽ പരാജയപ്പെട്ടതായി ISRO.**
- **ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം വൈകിട്ട് അവസാനിക്കും.**
- **30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും.**
- **ദേശീയ ഗെയിംസ് വാട്ടർ പോളോയിൽ കേരളത്തിന്റെ പുരുഷ- വനിതാ ടീമുകൾ സെമിഫൈനലിൽ പ്രവേശിച്ചു**
- **ഇംഗ്ലണ്ടിനെതിരായ അവസാന ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് കൂറ്റൻ ജയം. ഇംഗ്ലണ്ടിനെ തകർത്തത് 150 റൺസിന്.**

## വാർത്തകൾ വിശദമായി

**2024ലെ വഖഫ് ഭേദഗതി ബിൽ സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ട് ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. ജെപിസി അധ്യക്ഷൻ ജഗദാംബിക പാലും BJP MP സഞ്ജയ് ജയ്സ്വാളും ചേർന്നാണ് റിപ്പോർട്ട് അവതരിപ്പിക്കുന്നത്. സംയുക്ത സമിതിക്ക് മുമ്പാകെ നൽകിയ തെളിവുകളുടെ രേഖയും മേശപ്പുറത്ത് വെയ്ക്കും.**

റിപ്പോർട്ട് വ്യാഴാഴ്ച ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് സമർപ്പിച്ചിരുന്നു.

വഖഫ് ഭേദഗതി ബില്ലിലെ JPC കരട് റിപ്പോർട്ടും ഭേദഗതി വരുത്തിയ പുതുക്കിയ ബില്ലും പ്രതിപക്ഷ അംഗങ്ങളുടെ വിയോജന കുറിപ്പോടെ ബുധനാഴ്ചയാണ് അംഗീകരിച്ചത്.

✪✪✪

12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ആദായ നികുതി ഒഴിവാക്കിയത് ഉൾപ്പെടെ ബജറ്റ് പ്രഖ്യാപനവും നികുതി സ്ലാബുകളിലെ പുനഃക്രമീകരണവും 90 ശതമാനത്തിലധികം വ്യക്തിഗത നികുതി ദായകരെയും പുതിയ നികുതി വ്യവസ്ഥയിലേക്ക് ആകർഷിക്കുമെന്ന് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് ചെയർമാൻ രവി അഗ്രവാൽ പറഞ്ഞു.

പഴയ നികുതി രീതിയിൽ ലഭിച്ചിരുന്ന കിഴിവുകളോ ഒഴിവുകളോ പുതിയ രീതിയിൽ ഇല്ലാത്തതിനാൽ പുതിയ രീതിയിൽ കണക്കുകൂട്ടലുകൾ എളുപ്പമാണെന്ന് അദ്ദേഹം ഒരു വാർത്താചാനലിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. ഇത് നികുതിദായകർക്ക് പ്രൊഫഷണൽ സഹായമില്ലാതെ തന്നെ ITR ഫയൽ ചെയ്യാൻ സൗകര്യമൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ബുധനാഴ്ച വിക്ഷേപിച്ച ഇന്ത്യയുടെ ഗതിനിർണയ ഉപഗ്രഹം NVS-02 ന് സാങ്കേതിക തകരാർ കണ്ടെത്തിയതായി ISRO അറിയിച്ചു. ഇതേതുടർന്ന് ലക്ഷ്യമിട്ട ഭ്രമണപഥത്തിൽ ഉപഗ്രഹത്തെ എത്തിക്കുന്നതിൽ പരാജയപ്പെട്ടതായി ISRO വ്യക്തമാക്കി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്)......

ഉപഗ്രഹത്തിലെ വാൽവുകൾ പ്രവർത്തിക്കാത്തതാണ് പരാജയത്തിന് ഇടയാക്കിയതെന്ന് ISRO അറിയിച്ചു. 170 കിലോമീറ്റർ അടുത്ത ദൂരവും 37000 കിലോമീറ്റർ അകന്ന ദൂരവുമുള്ള ഇലിപ്റ്റിക്കൽ ജിയോസിൻക്രണസ് ട്രാൻസ്ഫർ ഓർബിറ്റിൽ അഥവാ GTO ഭ്രമണപഥത്തിലാണ് ഉപഗ്രഹം ഇപ്പോൾ ഭൂമിയെ വലംവെക്കുന്നത്. ഈ ഭ്രമണപഥം നാവിഗേഷൻ സംവിധാനത്തിന് അനുയോജ്യമല്ല. ഉപഗ്രഹത്തിന്റെ പ്രവർത്തനം ശരിയായ നിലയിലാണെന്നും ഗ്രൗണ്ട് സ്റ്റേഷനുമായി ആശയവിനിമയം നടക്കുന്നുണ്ടെന്നും എന്നാൽ

ഭ്രമണപഥം ഉയർത്താൻ സാധിക്കാത്തതാണ് ഇപ്പോഴത്തെ പ്രശ്നമെന്നും ISRO പറഞ്ഞു. ഉപഗ്രഹത്തെ പ്രവർത്തനക്ഷമമാക്കാൻ ബദൽ രീതികൾ ആവിഷ്കരിക്കുമെന്നും ബഹിരാകാശ ഏജൻസി പറഞ്ഞു.

ജനുവരി 29-ന് GSLV-MK 2 റോക്കറ്റ് വഴി. ശ്രീഹരികോട്ടയിലെ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് NVS 02 ഉപഗ്രഹം വിക്ഷേപിച്ചത്. ശ്രീഹരിക്കോട്ടയിൽ നിന്ന് നൂറാമത്തെ വിക്ഷേപണമായിരുന്നു ഇത്.

✪✪✪

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. BJP യും ആം ആദ്മി പാർട്ടിയും കോൺഗ്രസും തമ്മിലെ ത്രികോണ മത്സരത്തിനാണ് ഡൽഹി സാക്ഷ്യം വഹിക്കുന്നത്.

ഈ പാർട്ടികളുടെ നേതാക്കളും, താരപ്രചാരകരും റോഡ് ഷോകളും വീടുകയറി പ്രചാരണങ്ങളും പൊതുയോഗങ്ങളുമായി പരമാവധി വോട്ടർമാരെ സ്വാധീനിക്കാൻ കൊണ്ടുപിടിച്ച ശ്രമത്തിലാണ്. 70 അംഗ നിയമസഭയിലേക്ക് മറ്റന്നാളാണ് വോട്ടെടുപ്പ്.

699 സ്ഥാനാർഥികളാണ് മത്സരരംഗത്ത്. ഒരു കോടി 56 ലക്ഷം വോട്ടർമാർ ഇവരുടെ രാഷ്ട്രീയഭാവി തീരുമാനിക്കും.

ശനിയാഴ്ചയാണ് വോട്ടെണ്ണൽ.

✪✪✪

മുനമ്പത്ത് വർഷങ്ങളായി താമസിക്കുന്ന ജനങ്ങളുടെ നിയമപരമായ അവകാശം സംരക്ഷിക്കാൻ എങ്ങനെ സാധിക്കുമെന്ന് പരിശോധിക്കാനാണ് കമ്മീഷൻ പ്രവർത്തിക്കുന്നതെന്ന് മന്ത്രി P രാജീവ് വ്യക്തമാക്കി. ഇത് പരിശോധിക്കാൻ ഗവൺമെന്റിന് അവകാശമുണ്ടെന്നാണ് കരുതുന്നതെന്ന് അദ്ദേഹം കൊച്ചിയിൽ മാധ്യമങ്ങളോടു പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജിയിൽ കോടതി തന്നെ പെട്ടെന്ന് തീരുമാനമെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും രാജീവ് അറിയിച്ചു.

✪✪✪

KSRTC യിൽ ഒരു വിഭാഗം ജീവനക്കാർ ഇന്ന് അർധരാത്രി മുതൽ 24 മണിക്കൂർ പണിമുടക്കും. INTUC യൂണിയനുകളുടെ കൂട്ടായ്മയായ

ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷനാണ്  നാളെ അർദ്ധരാത്രി വരെ പണിമുടക്ക് പ്രഖ്യാപിച്ചത്.

ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുക, 31 ശതമാനം ഡിഎ കുടിശിക അനുവദിക്കുക, ദേശസാൽകൃത റൂട്ടുകളുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക, ശമ്പളപരിഷ്കരണ കരാറിന്റെ ഗവൺമെന്റ് ഉത്തരവിറക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം.

അതേസമയം, പണിമുടക്കിന് ഡയസ്നോൺ പ്രഖ്യാപിച്ച് KSRTC  CMD സർക്കുലർ പുറത്തിറക്കി.

✪✪✪

ആലുവയിൽ നിർമ്മാണത്തിലിരുന്ന കെട്ടിടം തകർന്നുവീണ് അഞ്ച് തൊഴിലാളികൾക്ക് പരുക്കേറ്റു. ആലുവ നാലാംമൈൽ വ്യവസായ മേഖലയിൽ സ്ഥിതിചെയ്യുന്ന ഐസ്ക്രീം നിർമ്മാണശാലയുടെ ഉടമസ്ഥതയിലെ കെട്ടിടമാണ് തകർന്നുവീണത്. അപകട സമയത്ത് 10 തൊഴിലാളികളാണ് ജോലിയിൽ ഉണ്ടായിരുന്നത്. കെട്ടിടം തകർന്ന് കുടുങ്ങിയ തൊഴിലാളികളെ ഫയർഫോഴ്സും നാട്ടുകാരും ചേർന്നാണ് രക്ഷപ്പെടുത്തിയത്.

✪✪✪

30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ 11-ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഓൺലൈനായി നിർവഹിക്കും. അതത് സ്മാർട്ട് അങ്കണവാടികളിലെ ഉദ്ഘാടന ചടങ്ങുകളിൽ മന്ത്രിമാർ ഉൾപ്പെടെ ജനപ്രതിനിധികൾ പങ്കെടുക്കും. അങ്കണവാടികളിൽ എത്തുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വികസനത്തിന് ശിശു സൗഹൃദപരമാക്കുന്നതിന്റെ ഭാഗമായാണ് അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കിയതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

ഇതോടെ 117 അങ്കണവാടികൾ സ്മാർട്ടായെന്നും, 72 അങ്കണവാടികളുടെ നിർമ്മാണം പുരോഗമിക്കുന്നതായും മന്ത്രി വ്യക്തമാക്കി.

✪✪✪

250 കോടി രൂപ ചെലവിൽ കോഴിക്കോട് ചെറുവണ്ണൂരിലും വട്ടക്കിണറിലും നിർമിക്കുന്ന മേൽപ്പാലങ്ങളുടെ പ്രവൃത്തി ഈ വർഷം തന്നെ ആരംഭിക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു.

ബേപ്പൂർ മണ്ഡലത്തിൽ MLA യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നിർമാണം പൂർത്തിയാക്കിയ അരക്കിണർ-റെയിൽവേ ലൈൻ ലിങ്ക് റോഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം .

✪✪✪

ഗ്രാമീണ റോഡുകൾ സഞ്ചാരയോഗ്യമാക്കി മറ്റു പ്രദേശങ്ങളിലേത് പോലെ ആധുനിക സൗകര്യങ്ങൾ നാട്ടിൻപുറങ്ങളിലും ലഭ്യമാക്കണമെന്നാണ് ഗവൺമെന്റ് നിലപാടെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. കോഴിക്കോട്നന്മണ്ട ഗ്രാമപഞ്ചായത്തിലെ നന്മണ്ട-തിരുവാലിൽ-ഞോറക്കുളം റോഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിൽ അംഗവും മലബാർ ക്രിസ്ത്യൻ കോളേജ് മുൻ ചരിത്ര വിഭാഗം മേധാവിയുമായ പ്രൊഫ. P.T ഹരിദാസ് കോഴിക്കോട് മാങ്കാവിൽ അന്തരിച്ചു. അദ്ദേഹത്തിന് 75 വയസ്സായിരുന്നു.

സംസ്കാരം ഉച്ചതിരിഞ്ഞ് മാങ്കാവ് ശ്മശാനത്തിൽ.

✪✪✪

കണ്ണൂർ ജില്ലാ കുടുംബശ്രീ മിഷനും നബാർഡും ചേർന്ന് സംഘടിപ്പിക്കുന്ന ഭക്ഷ്യമേള ശ്രദ്ധേയമാവുന്നു, ഈ മാസം ഒമ്പത് വരെയാണ് മേള.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O.ശശിധരൻ.

.....(വോയ്സ്)......

പയ്യാമ്പലം ബീച്ചിലാണ് എട്ട് ദിവസം നീണ്ടുനിൽക്കുന്ന കഫേ കുടുംബശ്രീ ഭക്ഷ്യമേള നടക്കുന്നത്. അട്ടപ്പാടിയിലെ വനസുന്ദരി ചിക്കൻ, മുളയരി പായസം, ഊരുകാപ്പി എന്നിവയ്ക്ക് പുറമെ നാടൻ വിഭവങ്ങള്ളും ഉത്തരേന്ത്യൻ വിഭവങ്ങളും മേളയിൽ ഒരുക്കിയിട്ടുള്ളത്. കണ്ണൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുടുംബശ്രീ സ്റ്റാളുകൾക്ക് പുറമെ മലപ്പുറത്ത് നിന്നുള്ള സ്റ്റാളുകളും സജ്ജമാക്കിയിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളും നടക്കുന്നുണ്ട്. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന, യുവ കേരളം, സാഗർ മാല പദ്ധതി

എന്നിവയുടെ ഭാഗമായി ജില്ലക്കകത്തും പുറത്തും പഠനം പൂർത്തിയാക്കിയവരുടെ സംഗമവും ഇന്നലെ നടന്നു . മേള മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

✪✪✪

ഉത്തരാഖണ്ഡിൽ 38-ാമത് ദേശീയ ഗെയിംസിൽ വാട്ടർ പോളോയിൽ കേരളത്തിന്റെ പുരുഷ- വനിതാ ടീമുകൾ സെമി ഫൈനലിൽ പ്രവേശിച്ചു. പുരുഷന്മാർ സർവീസസിനെയും വനിതകൾ ബംഗാളിനെയും ഇന്ന് സെമിയിൽ നേരിടും.

നീന്തലിൽ സജൻ പ്രകാശും ഹർഷിത ജയറാമും മെഡൽ പ്രതീക്ഷയുമായി ഇന്നിറങ്ങും.

ഷൂട്ടിംഗ് ഫൈനലിൽ വിദർഷ K വിനോദും ഇന്ന് മത്സരത്തിനിറങ്ങും. പുരുഷ ഫുട്ബോളിൽ കേരളം ഇന്ന് സർവീസസിനെ നേരിടും.

ആറ് സ്വർണ്ണവും മൂന്നു വെള്ളിയും നാല് വെങ്കലവുമായി ഗെയിംസിൽ പത്താം സ്ഥാനത്താണ് കേരളം. പതിനേഴ് സ്വർണ്ണമുൾപ്പെടെ 33 മെഡലുകളുമായി സർവീസസാണ് ഒന്നാമത്.

✪✪✪

ഇംഗ്ലണ്ടിനെതിരായ അഞ്ചാമത്തെയും അവസാനത്തെയും ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് കൂറ്റൻ ജയം. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ 150 റൺസിന് ഇംഗ്ലണ്ടിനെ തകർത്ത ഇന്ത്യ, പരമ്പര 4-1 ന് സ്വന്തമാക്കി. ഇന്ത്യ നിശ്ചയിച്ച 248 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 10.3 ഓവറിൽ 97 റൺസിന് പുറത്തായി. 54 പന്തിൽ നിന്ന് 135 റൺസ് അടിച്ചെടുത്ത ഇന്ത്യയുടെ അഭിഷേക് ശർമ്മയാണ് കളിയിലെ താരം.

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പരയിലെ ആദ്യമത്സരം വ്യാഴാഴ്ചയാണ്.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരളക്ക് ജയം. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഈസ്റ്റ് ബംഗാളിനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് ഗോകുലം കേരള പരാജയപ്പെടുത്തി.

വെള്ളിയാഴ്ച ചെന്നൈയിൽ സേതു ഫുട്ബോൾ ക്ലബിനെതിരേയാണ് ഗോകുലത്തിന്റെ ലീഗിലെ അടുത്ത മത്സരം.

✪✪✪

കോഴിക്കോട് സമാപിച്ച ആരോഗ്യ സർവ്വകലാശാല ഇന്റർസോൺ പുരുഷവിഭാഗം ക്രിക്കറ്റ് ടൂർണമെന്റിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ചാമ്പ്യൻമാരായി. ശ്രീഗോകുലം മെഡിക്കൽ കോളേജ് രണ്ടും, കരുണ മെഡിക്കൽ കോളേജ് മൂന്നും സ്ഥാനം നേടി.

തിരുവനന്തപുരത്ത് നടന്ന വനിത ക്രിക്കറ്റ് ടൂർണമെൻറിലും കോഴിക്കോട് മെഡിക്കൽ കോളേജ് ചാമ്പ്യൻമാരായി. കരുണ മെഡിക്കൽ കോളേജ് രണ്ടാം സ്ഥാനവും, തിരുവനന്തപുരം മെഡിക്കൽ കോളജ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

✪✪✪

ജംഷഡ്പൂരിൽ ISL ഫുടബോളിൽ ജംഷഡ്പൂർ FC , FC ഗോവയെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചു. ഇന്ന് വൈകിട്ട് ഏഴരയ്ക്ക് ഒഡീഷ FC, നോർത്ത് ഈസ്റ്റ് യൂണൈറ്റഡിനെ നേരിടും.

✪✪✪

ഇടതുപക്ഷമെന്ന മേലങ്കി അണിഞ്ഞു നടക്കുന്നവർ ഒരിക്കലും ബ്രൂവറിക്ക് അനുകൂലമായ തീരുമാനമെടുക്കരുതെന്ന് K.K രമ MLA പറഞ്ഞു. പ്ലാച്ചിമട സമരനായിക മയിലമ്മ അനുസ്മരണവും പുരസ്കാര സമർപ്പണവും കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ . പാലക്കാട് തന്നെ ബ്രൂവറി തുടങ്ങുന്നതിന് പിന്നിൽ ചില പ്രത്യേക അജണ്ടകളുണ്ടെന്നും K.K രമ ആരോപിച്ചു.

തിരൂർ മുൻസിപ്പൽ ചെയർപേഴ്സൺ A.P നസീമക്ക് K.K രമ മയിലമ്മ പുരസ്കാരം സമ്മാനിച്ചു. മാതൃഭൂമി ചെയർമാൻ P.V ചന്ദ്രൻ പ്രശസ്തിപത്രം കൈമാറി.

✪✪✪

ബാലരാമപുരത്ത് കൊല്ലപ്പെട്ട രണ്ടുവയസുകാരിയുടെ അമ്മ ശ്രീതുവിനെ സാമ്പത്തിക തട്ടിപ്പ് കേസിൽ പൊലീസ് അറസ്റ്റ് ചെയ്തു. ദേവസ്വം ബോർഡിൽ ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയെന്ന പരാതിയിൽ നേരത്തെ ശ്രീതുവിനെതിരെ കേസെടുത്തിരുന്നു.

ദേവസ്വം ബോർഡിൽ ഉന്നത ഉദ്യോഗസ്ഥയെന്ന് പറഞ്ഞായിരുന്നു ശ്രീതു സ്വയം പരിചയപ്പെടുത്തിയിരുന്നത്. എന്നാൽ ദേവസ്വം

**ബോർഡിൽ കരാർ അടിസ്ഥാനത്തിൽ പോലും ശ്രീതു ജോലി ചെയ്തിട്ടില്ലെന്ന് പൊലീസ് വ്യക്തമാക്കി.**

✪✪✪

**ലോക നീർത്തട ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ ഏഷ്യൻ നീർത്തട പക്ഷികളുടെ സർവ്വേ സമാപിച്ചു. ഉത്തരമേഖലാ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മലബാർ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി കോഴിക്കോട് ബേഡേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് സർവെ സംഘടിപ്പിച്ചത്. സമാപന ചടങ്ങ് കോഴിക്കോട്ട് സോഷ്യൽ ഫോറസ്റ്റ്ട്രി ഉത്തര മേഖല കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് R കീർത്തി ഉദ്ഘാടനം ചെയ്തു.**

**മുൻകാലങ്ങളിൽ കാണാറുണ്ടായിരുന്ന കാട്ട് താറാവുകളുടെ വരവ് ഇല്ലാതായതായി സർവേയിൽ കണ്ടെത്തിയെന്ന് അവർ പറഞ്ഞു. സർവേയിൽ കേരളത്തിൽ അപൂർവമായിക്കാണുന്ന പൊടി പൊൻമാനെ നിരീക്ഷകർ കണ്ടെത്തിയെന്നും അവർ അറിയിച്ചു.**

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader: സയ്യിദ് അലി ശിഹാബ്*
*DEO: ഷീബ*